# കെ. കെ. കുമാരപിള്ള സ്മാരക ഗവൺമെന്റ് ഹൈസ്കൂൾ കരുമാടി







# എഡിറ്റോറിയൽ

ഡിജിറ്റൽ സാങ്കേതികതയുടെ അനന്ത

സാധ്യതകളുടെ നീലിമയിൽ

പറക്കാൻ നടത്തുന്ന ഒരു കൊച്ചു ശ്രമം....

## പട്ടം

ഡിജിറ്റൽ മാസിക.

കരുമാടി കെ. കെ. കുമാരപിള്ള സ്മാരക

ഗവൺമെന്റ് ഹൈസ്കൂളിലെ

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആദ്യ ചുവട്.....

കുറവുകൾ മാത്രം; എങ്കിലും മുന്നോട്ട്.....

പിന്നാലെ വരുന്നവർക്ക് പ്രചോദനവും വഴികാട്ടിയുമാകാൻ

പട്ടം എന്ന ഡിജിറ്റൽ മാസികയ്ക്കാകട്ടെ എന്ന് ആഗ്രഹിക്കുന്നു....



ആര്യ രാജേഷ്

ചീഫ് എഡിറ്റർ

# ആശംസ

കരുമാടി കെ. കെ. കുമാരപിള്ള സ്മാരക

ഗവൺമെന്റ് ഹൈസ്കൂളിലെ

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ

പട്ടം എന്ന പേരിൽ ഡിജിറ്റൽ മാസിക

പ്രസിദ്ധീകരിക്കുന്നു എന്നത് ഏറെ സന്തോഷവും

പ്രതീക്ഷയും നൽകുന്ന ഒന്നാണ്.

ഐ.ടി രംഗത്ത് കുട്ടികൾ കൂടുതൽ അറിവ്

നേടുന്നത് വിദ്യാലയത്തിനും സമൂഹത്തിനും നേട്ടമാണ്.

ആധുനിക സാങ്കേതികവിദ്യയുടെ

അനന്ത സാധ്യതകൾ വിദ്യാലയത്തിനും

സമൂഹത്തിനാകമാനവും ഗുണപരമായി

പ്രയോജനപ്പെടുത്താൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിനും

അതുവഴി കൈറ്റിനും സാധിച്ചാൽ അതൊരു വലിയ വിജയമാണ്.

ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിനും

പട്ടം എന്ന  ഡിജിറ്റൽ മാസികയ്ക്കും

എല്ലാ ആശംസകളും നേരുന്നു.

ഷൈനി. വി
ഹെഡ്മിസ്ട്രസ്

# ഇതളുകളിൽ

പേജ്

പുതിയ മുഖം ..........5

മഞ്ഞ് - ആസ്വാദനക്കുറിപ്പ് ..........6

കൃഷി തന്നെ ജീവിതം-കഥ ..........7

അറിവിന്റെ തിരിനാളം-കവിത ..........8

വൈധവ്യം-കഥ ..........9

ജലച്ഛായം ..........10

ഒരു നർമ്മകഥ..........11

എന്ത്?, എന്തുകൊണ്ട്?,എങ്ങനെ? - വായനക്കുറിപ്പ് ..........12

ചിത്രങ്ങൾ കഥപറയുന്നു ..........13

അനുരാഗ ഹരിതകം-കവിത..........15

ബാല്യകാലം-കവിത..........16

എൻ ഗുരുനാഥൻ-കവിത..........17

എന്റെ ഗ്രാമം-കവിത..........18

അണിയറയിൽ ..........19

നന്ദി ..........20

# പുതിയ മുഖം



കരുമാടി സ്ക്കൂളിലെ കമ്പ്യൂട്ടർ ലാബ് പുതിയ മുഖം കൈവരിച്ചു. മഹാപ്രളയത്തിൽ തകർന്ന ലാബ് കൈറ്റിന്റെ ഹൈടെക് സ്ക്കൂൾ പദ്ധതിയുടെ ഭാഗമായി ലാബിലേക്ക് ലഭിച്ച അഞ്ച് ലാപ്ടോപ്പുകളുടെയും ഒരു പ്രൊജക്ടറിന്റെയും പിൻബലത്തിൽ പുതുജീവൻ കൈവരിച്ചു. ബഹു. ആലപ്പുഴ സബ് കളക്ടർ 'I am for Aleppey' പദ്ധതിയിലുൾപ്പെടുത്തി കമ്പ്യൂട്ടർ ലാബിനായി രണ്ട് ലക്ഷം രൂപ അനുവദിച്ചത് വലിയ നേട്ടമായി. ഈ പദ്ധതിയിലൂടെ നാല് ലാപ്ടോപ്പുകൾ, ഒരു പ്രൊജക്ടർ, ഒരു ത്രീ-ഇൻ-വൺ ലേസർ പ്രിന്റർ, ഒരു ഇങ്ക് ജെറ്റ് കളർ പ്രിന്റർ, ഒരു പ്രൊജക്ടർ സ്ക്രീൻ, പതിനൊന്ന് കുഷ്യൻ കസേരകൾ എന്നിവ വാങ്ങി. കൂടാതെ ജനൽ കർട്ടനുകളിടുകയും ശിശുസൗഹൃദ പെയിന്റിങ്ങ് ചെയ്യുകയും ചെയ്തു.

നവീകരിച്ച കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം 2018 ഡിസംബർ 17 ന് നടന്നു. സമ്മേളനം ആലപ്പുഴ ജില്ലാപഞ്ചായത്തംഗം ശ്രീമതി ബിന്ദു ഐസക് രാജു ഉദ്ഘാടനം ചെയ്തു. ലാബിന്റെ ഉദ്ഘാടനകർമ്മം ബഹു. ആലപ്പുഴ സബ് കളക്ടർ ശ്രീ കൃഷ്ണതേജ IAS നിർവ്വഹിച്ചു. ഉപകരണങ്ങളുടെ സ്വിച്ച് ഓൺ കർമ്മം വാർഡ് മെമ്പർ ശ്രീ ഗണേഷ് കുമാർ എം നിർവ്വഹിച്ചു. എസ്.എം. സി ചെയർമാൻ ശ്രീ ജി. ഷിബു അധ്യക്ഷത വഹിച്ച യോഗത്തിന് എച്ച്.എം ശ്രീമതി ഷൈനി. വി സ്വാഗതമരുളി.



# മഞ്ഞ്

(എം.ടി. വാസുദേവൻ നായർ)

ആസ്വാദനക്കുറിപ്പ്

മഞ്ഞുമൂടിയ ഹിമാലയൻ മലനിരകളാൽ ചുറ്റപ്പെട്ട ഒരു ചെറു പട്ടണം
പശ്ചാത്തലമാകുന്ന ഒരു സുന്ദരമായ നോവൽ.
ഈ പട്ടണത്തിലെ ഒരു സ്ക്കൂളിലെ അധ്യാപികയാണ് വിമല.
ശിഥിലമായ കുടുംബബന്ധങ്ങളുടെ വീർപ്പുമുട്ടലിൽ കഴിയുന്ന വിമല,
എല്ലാ കുട്ടികളും ജീവനക്കാരും അവധിക്ക് വീടുകളിലേക്ക് പോകുമ്പോൾ, സ്ക്കൂളിൽ
തന്നെ തുടരുന്നു.
എന്നു പോകും എന്ന ആളുകളുടെ ചോദ്യത്തിന് 'നാളെ 'എന്നും, എന്നു വന്നു
എന്ന ചോദ്യത്തിന് 'ഇന്നലെ ' എന്നും മറുപടി നൽകുന്ന വിമല.
ഈ 'നാളെ'യുടെയും 'ഇന്നലെ'യുടെയും ഇടവേളകളിൽ വിമലയുടെ
അവധിക്കാലം വിരസമായി കടന്നു പോകുന്നു.
അങ്ങനെയൊരവധിക്കാലത്തിന്റെ കഥയാണ് 'മഞ്ഞ്'.
വസന്തം ശൈത്യത്തിനും, പട്ടണം വിനോദ സഞ്ചാരികൾക്കും,
സ്ത്രീ തന്റെ കാമുകനും, മനുഷ്യൻ മരണത്തിനും കാത്തിരിക്കുന്ന
ജീവിത സാഹചര്യങ്ങളിലൂടെ, കാത്തിരിപ്പിന്റെ നോവിക്കുന്ന
തണുപ്പ് 'മഞ്ഞ്' പകർന്നു തരുന്നു.
ആശയങ്ങൾ സംഭവങ്ങളെക്കാളും, ഭൂതകാലം വർത്തമാനകാലത്തെക്കാളും
സുന്ദരമാണെന്ന ചിന്തയും 'മഞ്ഞ്' നമുക്ക് നൽകുന്നു.
വിമലയുടെ ചിന്തകളിലൂടെ വായനക്കാരന്റെ ചിന്തകളിലേക്ക് സമ്മിശ്ര
വികാരങ്ങൾ മാറി മാറി കൊണ്ടുവന്ന്,
ജീവിതത്തിന്റെ വ്യത്യസ്തത വ്യക്തമാക്കിത്തന്ന്,
മനുഷ്യമനസ്സുകളിലേക്ക് മഞ്ഞു പോലെ അലിഞ്ഞു ചേരുന്ന മനോഹരമായ
നോവലാണ് എം.ടി വാസുദേവൻ നായരുടെ 'മഞ്ഞ്'.

രാജശ്രീ. വി
സീനിയർ അധ്യാപിക

# കൃഷി തന്നെ ജീവിതം



നീലാകാശത്തിലൂടെ സമാധാനത്തിന്റെ സന്ദേശം പരത്തി

ഏവരേയും സന്തോഷിപ്പിച്ച കൊണ്ട് അവർ പോകുകയാണ്,

വെള്ളരിപ്രാവുകൾ.

കിഴക്കുദിക്കിൽ കുങ്കുമപൊട്ട് തൊട്ടു കഴിഞ്ഞു. വളരെ വേഗത്തിൽ

ഒരാൾ പാടവരമ്പിലൂടെ നടന്നു നീങ്ങുന്നു.

പാടവരമ്പിലെ പുൽക്കൊടികൾ റാണിമാരെ പോലെ

സൂര്യകിരീടം ചാർത്തി നിൽക്കുന്നു.

വയലിലെ നെൽച്ചെടികൾക്ക് കതിരു വരാൻ തുടങ്ങി .

അയാളുടെ മുഖത്ത് ഒരു ചെറുപുഞ്ചിരി വിടർന്നു.

വീട്ടിൽ വന്ന് തന്റെ ഭാര്യയിൽ നിന്നും വെള്ളം വാങ്ങിക്കുടിച്ച ശേഷം

പറമ്പിലുള്ള പച്ചക്കറികൾ പറിക്കാൻ പോയി .

കൃഷിയിൽ നിന്നു കിട്ടുന്ന വരുമാനമാണ് ആ കുടുംബത്തിന്റെ

ഏക ആശ്രയം.

കഴിഞ്ഞ തവണ കൃഷിയിലുണ്ടായ നഷ്ടം സംഭവിക്കരുതേ

എന്ന പ്രാർത്ഥനയോടെ അയാൾ കിടന്നുറങ്ങി.

മാളവിക മധുസൂദനൻ

9 A

# അറിവിന്റെ തിരിനാളം

അറിവില്ലാത്തവർക്ഷരമേകുന്ന
അറിവിൻ വിളക്കാണ് അധ്യാപകർ
പൂമ്പാറ്റയായി പറക്കുന്ന മക്കൾക്ക്
തേൻ പകർന്നീടുന്ന പൂക്കളല്ലോ

പടവുകൾ താണ്ടി ഉയരത്തിലെത്തുമ്പോൾ
കാൽ തെറ്റി വീഴാതെ കാക്കുമവർ
തെറ്റും ശരിയും പഠിപ്പിക്കുന്നതിനൊപ്പം
വിജ്ഞാനമേകി വിജയിപ്പിക്കും

അച്ഛനായി അമ്മയായി കൂട്ടുകാരായി
ഓരോ ചുവടുകൾക്കൊപ്പമവർ
അറിവില്ലായ്മ തൻ ഇരുട്ടിൽ പിടയുമ്പോൾ
ഒരു കുഞ്ഞു തണലായി എത്തിടുന്നു.

എത്ര ഉയരത്തിലെത്തിയാലും
നന്ദിയോടോർക്കും അവരെ നമ്മൾ
അറിവേകി തണലേകി തിരിനാളമാകുന്ന
നൻമയാം എന്റെയീ അധ്യാപകർ

നന്ദന വേണുഗോപാൽ
8 A



# വൈധവ്യം

വാതിലിൽ ആരോ മുട്ടി.

അപ്പോൾ വൈധവ്യത്തിന്റെ ദുഃഖം പടർന്ന

അവളുടെ മുഖം മെല്ലെ ഉയർന്നു.

ആ മുഖത്ത് പുഞ്ചിരിയുടെ ഒരു ചെറുകിരണം പോലും ബാക്കിയില്ലായിരുന്നു.

അവൾ വാതിൽ തുറന്നു.

തനിക്കായി ഒരു കത്ത് വന്നിരിക്കുന്നുവെന്ന്

പോസ്റ്റുമാൻ പുച്ഛത്തോടെ പറഞ്ഞു.

അയാളുടെ സംസാരത്തിലെ അവഗണന

അവളെ ഒട്ടും വേദനിപ്പിച്ചില്ല.

അമ്മയുടെ കത്തായിരുന്നു അത്.

ഇരുൾ പടർന്ന മുറിക്കകത്ത് കഴിയുന്ന തനിക്ക്


അതിലെ വരികൾ ആത്മവിശ്വാസവും സന്തോഷവും നൽകി.

അവൾ എഴുതിയ കവിതയ്ക്ക് സാഹിത്യ പുരസ്കാരം ലഭിച്ചിരിക്കുന്നു.

ഇത് കടമ്പകളെല്ലാം മറികടന്ന് മുന്നേറാനുള്ള കരുത്ത് അവൾക്ക് നൽകി.

ദൃശ്യ എച്ച്

9 A






അഭിഷേക് ബാബു 10 B

# ഒരു നർമ്മകഥ

ഒരിടത്ത് ഒരു വലിയ രണ്ടു നില വീട്ടിൽ പ്രായമായ ഒരപ്പച്ചനും അമ്മച്ചിയും

താമസിച്ചിരുന്നു. മക്കൾക്കെല്ലാം വിദേശത്ത് ജോലിയാണ്.

രണ്ടു കൊല്ലം കൂടുമ്പോൾ വന്നു പോകും.

പ്രായമായതിനാൽ രണ്ട് പേർക്കും കാലിന് ആരോഗ്യക്കുറവുണ്ട്.

അതിനാൽ അവർ കാലങ്ങളായി വീടിന്റെ രണ്ടാം നിലയിൽ കയറാറില്ല.

താഴത്തെ നിലയിൽ തന്നെ അവർ കഴിച്ചുകൂട്ടുകയാണ് പതിവ്.

അങ്ങനെയിരിക്കെ ഒരു രാത്രി മുകളിൽ നിന്ന് എന്തോ ശബ്ദം കേട്ട് അവർ മുകളിലെത്തി.

മുകളിൽ ഇരുട്ടിൽ ആളനക്കം ശ്രദ്ധിച്ച അവർ ചോദിച്ചു: "ആരാ അവിടെ ?"

ഉടൻ ഇരുട്ടിൽ നിന്നും മറുപടി വന്നു,

"ഞങ്ങൾ രണ്ട് കള്ളൻമാരാണ്. നിങ്ങൾ പേടിക്കേണ്ട. മാസങ്ങളായി ഞങ്ങൾ

ഇവിടെയാണ് താമസം. ഞങ്ങൾ ഇവിടെ നിന്നൊന്നും കൊണ്ടു പോകില്ല. ഞങ്ങൾക്ക്

ജോലി ചെയ്യാൻ അനുവാദം തന്നാൽ മാത്രം മതി. വാടക മാത്രം ചോദിക്കരുത് ".

വല്യപ്പനും അമ്മച്ചിയും ആലോചിച്ചു.

എന്തായാലും ഞങ്ങൾ ഒറ്റയ്ക്ക് ഈ വല്യ വീട്ടിൽ കഴിയുന്നു. ഇവർ നമുക്കൊരു കൂട്ടാകും.

മാത്രമല്ല വീട്ടിൽ മറ്റു കള്ളൻമാർ കയറുകയുമില്ല.

വല്യപ്പൻ സമ്മതിച്ചു.

അലൻ ജോമോൻ

8 A

# എന്ത്? എന്തുകൊണ്ട്? എങ്ങനെ?

വായനാക്കുറിപ്പ്



ശ്രീ അബ്ദുൽ ജബ്ബാർ ഒളവണ്ണയുടെ വളരെ പ്രസിദ്ധമായൊരു കൃതിയാണ് "എന്ത് ?എന്തുകൊണ്ട് ?എങ്ങനെ?". വളരെ മനോഹരവും ലളിതവും ആയ വാക്യങ്ങളാണ് അദ്ദേഹം ഇതിൽ ഉപയോഗിച്ചിരിക്കുന്നത്.

ശാസ്ത്ര പഠനത്തിലൂടെയും വിശകലനത്തിലൂടെയും അത്ഭുതങ്ങളുടെ ചുരുളഴിക്കുന്ന രസകരമായ ശാസ്ത്ര കഥകളാണ് ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്. കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ അറിവും ആനന്ദവും ആത്മബോധവും പകരുന്ന നാൽപതോളം കഥകൾ ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടനും ഇക്കയും ആണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. ഇടയ്ക്കിടെ പ്രകൃതിയും കാറ്റും ജീവജാലങ്ങളുമൊക്കെ കഥാപാത്രങ്ങളായി വരുന്നു . കുട്ടന്റെ വിജ്ഞാനം നിറഞ്ഞ ചോദ്യങ്ങളും ഇക്ക അതിന് നൽകുന്ന മറുപടികളും അറിവിന്റെ ഒരു പുതിയ ലോകം സമ്മാനിക്കുന്നു.

മഴ എങ്ങനെ ഉണ്ടാകുന്നു, സോപ്പു കൊണ്ടു കുളിക്കുന്നതെന്തിന്, പ്രഷർകുക്കർ വിസിലടിക്കുന്നതെന്തിന് തുടങ്ങി നാൽപതോളം കഥകൾ. എല്ലാവരും വയിച്ചിരിക്കേണ്ട പുസ്തകമാണിത്.

അനൈന എസ് ബീഗം
8 A

# ചിത്രങ്ങൾ കഥപറയുന്നു



































# അനുരാഗ ഹരിതകം

അടുത്തിരിക്കുക മനസ്സിലുള്ളൊരീ
കട്ടപ്പമല്ലെങ്കിൽ കുറഞ്ഞു പോയിടാം
അടക്കിവയ്ക്കാതെ ഒട്ടുക്കാമാവോളം
അകം പൊരുൾ തമ്മിൽ പകർന്നിരുന്നിടാം
തരംഗമാകുമി ഹൃദയരാഗങ്ങൾ
തനിച്ചിരിക്കുമ്പോൾ തളർന്നു പോയിടാം
വിരഹമത്രമേൽ വിവശമെങ്കിലും
മറവി നമ്മളെ മറയിലാക്കിടാം
പുതിയ ഹരിതകം പഴയതൊക്കെയും
സ്മൃതി പഥങ്ങളിൽ നിന്നകറ്റീടാം
മനസ്സു കൈവിട്ട വഴിയിടങ്ങളിൽ
മടങ്ങിടാതെ നാം കുതിച്ചു പാഞ്ഞിടാം
തണുവിരൽ തൊട്ടു തഴുകി നാമിനി
അണുവിലും പ്രാണ തരംഗമേകുക
അനുഭവിക്കുമീ നിമിഷമല്ലാതെ
നമുക്കു സ്വന്തമില്ലിറഞ്ഞുകൊള്ളുക

ജയശ്രീ എസ്
M/o ആർദ്ര ജെ (9A)

# ബാല്യകാലം

അമ്മേ ......... എനിക്കൊന്ന്

ഓടിക്കളിക്കണം

ഈ വയലിൻ വരമ്പിലൂടോടിടട്ടെ ?

അയ്യയ്യോ മക്കളേ വേണ്ട... വേണ്ട....

മലിനമാം നീറ്റിൽ നീ പോയിടേണ്ട.

മലിന ജലത്തിലിറങ്ങിയാലോ

ഇല്ലാത്ത ദീനങ്ങൾ വന്നു കൂടും

ഓർക്കുന്നു ഞാനെന്റെ ബാല്യകാലം

ഓടിക്കളിക്കുന്ന ബാല്യകാലം

ജമിനി ജെ
M/o ആര്യ രാജേഷ് (9A)

# എൻ ഗുരുനാഥൻ

ഗണിതത്തിൻ ആശയം
ലളിതമാം രീതിയിൽ
ഞങ്ങളിൽ എത്തിക്കും
പ്രിയമുള്ള മാഷ്

പുഞ്ചിരി തൂകുന്ന
ചൂരലെടുത്തും കൊ-
ണ്ടോടി നടക്കുന്ന
സുന്ദരൻ മാഷ്

നല്ല ശീലങ്ങളും
നല്ല പാഠങ്ങളും
നന്നായി ചൊല്ലുന്ന
നന്മയേറും മാഷ്

അധ്യാപകർക്കെല്ലാം
പ്രിയമുള്ള മാഷ്
നല്ലൊരു പ്രാസംഗി
കനാകുമെൻ മാഷ്

രാവിലും പകലിലും
സ്ക്കൂളിനും നാട്ടാർക്കും
സേവനം ചെയ്യുന്ന
കനിവുള്ളൊരു സാറ്

ഫൗസിയ നവാസ്
പൂർവ്വവിദ്യാർത്ഥിനി

# എന്റെ ഗ്രാമം

കരുമാടിയാണെന്റെ കൊച്ചുഗ്രാമം

ഒരുപാട് നന്മകളുള്ള ഗ്രാമം.

പുഴയായ പൂക്കൈത ചിരിച്ച് കൊണ്ടൊഴുകുന്ന

ഇവിടെ കരുമാടിക്കുട്ടനും വാഴുന്നുണ്ട്

ചെറിയ തോടുകളും വയലുകളും

വാഴത്തോപ്പുകളും ഉള്ള എന്റെ നാട്

ഏറെ മതമൈത്രിയുമുള്ള ഗ്രാമം

ഞാൻ ഏറെ ഇഷ്ടപ്പെടുന്ന എൻ കൊച്ചു ഗ്രാമം.

ബിനു ജോൺ

M/o അലീനാ ജിജു(5A)

# അണിയറയിൽ

ശ്രീമതി ഷൈനി വി (ഹെഡ്മിസ്ട്രസ്)
ശ്രീ ബിനു ടോം ജോസഫ് (കൈറ്റ് മാസ്റ്റർ)
ശ്രീമതി റഹിയാനത്ത് എ(കൈറ്റ് മിസ്ട്രസ്)
ആര്യ രാജേഷ് (ചീഫ് എഡിറ്റർ)
സബ് എഡിറ്റേഴ്സ്

അയന എ
അശ്വതി എൻ
അൻസാമോൾ ലാലിച്ചൻ
അഹിയ നിമ്മി റോഷി
ആശാമോൾ എൽ
കാർത്തിക എൽ
ജീവ ആർ
നന്ദന ഓമനക്കുട്ടൻ
നന്ദിനി എസ്
നയന എസ്
പാർവ്വതി എസ്
പൂജ ആർ
ലിയാ കുര്യാക്കോസ്
വിസ്മയ വിനു
ഷഹനാസ് ജെ
സോനാ സെബ്സ്റ്റ്യൻ
സ്നേഹ സേതു

അഭിരാജ് കെ ആർ
അതുൽ കൃഷ്ണൻ
അനുജിത്ത് കൃഷ്ണൻ ജെ
അരവിന്ദ് രാജ് ആർ
ആദിത്യൻ ബി
കെവിൻ ആന്റണി
ഗോകുൽ ഗോപകുമാർ
മാണിക്യൻ എം
ശിവനാരായണപണിക്കർ
സുബിൻ എസ്

# നന്ദി

ഡിജിറ്റൽ മാസിക എന്ന ആശയം

നൽകിയ ലിറ്റിൽ കൈറ്റ്സിന്....

പൂർണ്ണ പിന്തുണ നൽകിയ ഹെഡ്മിസ്ട്രസിന്......

സാങ്കേതിക വിദ്യയിൽ പിച്ചവച്ച് നടക്കാൻ

പരിശീലിപ്പിച്ച അധ്യാപകർക്ക്......

മാസികയുടെ പണിപ്പുരയിൽ സഹായിച്ച

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾക്ക്......

രചനകൾ നൽകിയ കൂട്ടുകാർക്ക്.......

മനസ്സുകൊണ്ടു പിന്തുണച്ച എല്ലാവർക്കും.......

ചീഫ് എഡിറ്റർ